പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2835 — 19/06/2014 ൽ മറുപടിയ്ക്ക്

## ഫ്രീ റവന്യൂ സർവ്വെ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ല കളിലും ഫ്രീറവന്യൂ സർവ്വെ അദാലത്തു കൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഈ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, കാസറഗോഡ്, വയനാട്, കോട്ടയം എന്നീ ജില്ലകളിൽ ഫ്രീ റവന്യൂ സർവ്വേ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. |
| (ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) തീർപ്പാക്കാൻ ശേഷിക്കുന്ന സർവ്വേ പരാതികളിന്മേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. |
| (സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിക്കുകയുണ്ടായി; വിശദമാക്കുമോ; | (സി) ഏകദേശം 72 ശതമാനം പരാതികൾ പരിഹരിച്ചിട്ടുണ്ട്. |
| (ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) സർക്കാർ ഉത്തരവ് (എം.എസ്)നം.200/10/റവന്യൂ തീയതി 31/05/2010 പ്രകാരം ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസീൽദാർ മുഖേന തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതനുസരിച്ച് ബന്ധപ്പെട്ട താലൂക്കാഫീസുകളിൽ എൽ.ആർ.എം. പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ